# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 384 — 27.02.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പൂർണ്ണമായ തോതിൽ നടപ്പാക്കപ്പെടുമ്പോൾ പ്രസ്തുത അപാകതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) അർഹരായ ലക്ഷക്കണക്കിന് പേരെ ഒഴിവാക്കിയതായ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ള പക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ നേർക്കാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും, അന്തിമ പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭയ്ക്ക് 10.02.2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻ തന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അർഹരായവരെ ഒഴിവാക്കി എന്ന ആരോപണത്തിൽ കഴമ്പില്ല. അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ